കയും ചെയ്തു എന്നു മാത്രമല്ല, "കേരളപതാക" എന്നു പേരായി ഒരു വൃത്താന്തപത്രവും നടത്തിവന്നു.*

നമ്മുടെ കഥാനായകനു മെത്രാൻസ്ഥാനം കൊടുത്ത യാക്കോബു പാത്രിയക്കീസുബാവാ 1046കുംഭത്തിൽ കാലഗതിയെ പ്രാപിച്ചു. ഇതിനെ സംബന്ധിച്ചു വന്നിരുന്ന കമ്പിയിൽ പുതിയ പാത്രിയക്കീസിനെ തെരിഞ്ഞെടുക്കുന്നതിനുള്ള ആലോചനയിൽ സംബന്ധിക്കാനായി മററു മെത്രാന്മാരെപ്പോലെ മലങ്കര മാർ ദീവന്നാസ്യോസു ചെന്നു ചേരണമെന്നു കൂടി പ്രസ്താവിച്ചിരുന്നു. ഇതിനു നിവൃത്തിയില്ലെന്നു വ്യസനപൂർവം മറുപടി കൊടുത്തു.

നമ്മുടെ കഥാനായകൻ പിന്നീടു ശ്രമിച്ചതു തെക്കെ ദിക്കിൽ ഒരു പൊതുസ്ഥലം ഉണ്ടാക്കുന്നതിനായിരുന്നു. പള്ളികൾ മിക്കതും അന്യാധീനപ്പെട്ടിരിക്കുന്നതു വീണ്ടെടുക്കുന്നതിനു അതുകളുടെ മദ്ധ്യസ്ഥാനത്തു ഒരു വിശ്രമസ്ഥലം ഇല്ലാഞ്ഞാൽ പ്രയാസമാണെന്നുള്ള വിചാരത്തോടു കൂടി അദ്ദേഹത്തിൻെറ സ്വാധീനതയിലിരുന്നിരുന്ന മാവേലിക്കര പുത്തൻ പള്ളിയോടു ചേർത്തു ഒരു കെട്ടിടം പണിയിച്ചു എങ്കിലും അതു പൊതുവകയ്ക്കു വിട്ടുകൊടുക്കാൻ ആ പള്ളിക്കാർ മടി കാണിച്ചതിനാൽ ഒടുവിൽ ഉപേക്ഷിക്കേണ്ടി വന്നു. ഉടനെ പരുമല സിമ്മനാരി സ്ഥാപിക്കാനുള്ള ആലോചനയായി. പരുമല എല്ലാം കൊണ്ടും നല്ല സൌകര്യമുള്ള ഒരു സ്ഥലമാണു. ഇതിൻെറ സമീപമായി അന്നു തന്നെ ഉദ്ദേശം 25 പള്ളികളോളമുണ്ടായിരുന്നു. സ്ഥലം വിലയ്ക്കു വാങ്ങുന്നതിനാണു ആലോചന നടത്തിയതു എങ്കിലും ഉദാരബുദ്ധിയായ അതിൻെറ ഉടമസ്ഥൻ അരികുപുറത്തു മാത്തൻ എന്ന ആൾ ദാനമായി കൊടുത്തു. നിനച്ചിരിയാത്ത ഈ ഉപകാരം കണ്ടപ്പോൾ നമ്മുടെ കഥാനായകൻ ഹർഷാശ്രുക്കൾ പൊഴിച്ചു. 1047-ൽ ഈ സ്ഥലത്തു ഒരു ചെറിയ കെട്ടിടം പണിയിച്ചു അതിൽ താമസിക്കാൻ തുടങ്ങി. തെക്കെ ദിക്കിലുള്ള

*ഈ പത്രം പിന്നീടു "പശ്ചിമതാരക"യെന്നു പേരായ വേറൊരു പത്രത്തിൽ ലയിക്കുകയും ഒടുവിൽ രണ്ടും കൂടി നാമാവശേഷമാകയും ചെയ്തു.

ചില ശെമ്മാശന്മാരെ വരുത്തി ചുരുങ്ങിയ മട്ടിൽ സുറിയാനി പഠിപ്പും ആരംഭിച്ചു. പരുമലവാസം കൊണ്ടു തെക്കെ ദിക്കിൽ വെച്ചു പ്രധാനപ്പെട്ട ഇടവകയായ നിരണത്തു നമ്മുടെ കഥാനായകനു കുറേ കക്ഷിയുണ്ടായി. പിന്നാലെ ഇതിനു ചുററുമുള്ള എട്ടു പത്തു പള്ളികൾ സ്വാധീനപ്പെടുകയും ചെയ്തു.

പരുമലയിരുന്നു പഠിപ്പു നടത്തുന്നതിനും മററു പല വാധത്തിലും തന്നെ സഹായിക്കുന്നതിനുമായി ഒരു റമ്പാനെ വാഴിക്കണമെന്നാണു നമ്മുടെ കഥാനായകനു പിന്നീടു തോന്നിയതു്. ആരാണു വേണ്ടതെന്നു തന്നെത്താൻ ആലോചിച്ചതിൽ അന്നു കത്തനാരായിരുന്ന ഇപ്പോഴത്തെ നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളുടെ പേരാണു ഒന്നാമതായി തോന്നിയതു. ഉടനേ മുളന്തുരുത്തിയിൽ എത്തി ജനങ്ങളുമായി ആലോചിച്ചതിൽ എല്ലാവക്കും വളരെ സന്തോഷവും തൃപ്തിയുമാകയും അങ്ങനെ 1047 മീനമാസത്തിൽ ചാത്തുരുത്തി ഗീവറുഗീസു കത്തനാരെ റമ്പാനാക്കുകയും ചെയ്തു.

ഈ വക പ്രവൃത്തികൾ കൊണ്ടൊന്നും തന്റെ ന്യായമായ അധികാരലാഭം ഉണ്ടാകുന്നതല്ലെന്നും ഏതദ്ദേശ്യരാജ്യങ്ങൾ മാത്രമല്ല, ബ്രിട്ടീഷു ഗവമ്മെണ്ടു കൂടി തന്റെ അവലാധികളെ അംഗണ്യമാക്കിയിരുന്നതിനാൽ പാത്രിയക്കീസു ബാവായെ മലയാളത്തു വരുത്താതെ കായ്യമൊന്നും ശുഭമാകയില്ലെന്നും നമ്മുടെ കഥാനായകനു തോന്നിത്തുടങ്ങി. ഉത്സാഹിയായ ഒരാളുടെ വിചാരത്തിനും തൽഫലമായ പ്രവൃത്തിക്കും മദ്ധ്യേ അധിക കാലതാമസം വരുന്നതല്ലല്ലൊ. അദ്ദേഹം തന്റെ കീഴുള്ള പള്ളിക്കാരെ എല്ലാം 1048 ചിങ്ങത്തിൽ പരുമലെ വിളിച്ചു കൂട്ടി ഇക്കായ്യത്തെക്കുറിച്ചു പ്രസംഗിക്കുകയും എല്ലാവരുടേയും അഭിപ്രായം ആവശ്യപ്പെടുകയും ചെയ്തു. മാർ കൂറിലോസു ഇക്കാലങ്ങളിൽ രോഗാതുരനായിരിക്കയായിരുന്നു എങ്കിലും അദ്ദേഹം തന്റെ സാന്നിദ്ധ്യത്താൽ സഭക്കു ധൈയ്യം കൊടുത്തിരുന്നു. പാത്രിയക്കീസു ബാവായെ വരുത്തണമെന്നുള്ള നമ്മുടെ കഥാനായകന്റെ അഭിപ്രായത്തോടു എല്ലാവരും ഐകകണ്ഠ്യേ